# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6378 21.11.2019 -ൽ മറുപടിക്ക്**

**<u>റോഡുസുരക്ഷക്കായി പദ്ധതികൾ</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ.എ.പി.അനിൽ കുമാർ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | : | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന ഗുരുതരമായ സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | റോഡ് സുരക്ഷക്കായി പൊതുമരാമത്ത് വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നത്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തി വരുന്നു. ദേശീയപാത വിഭാഗത്തിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും പ്രശ്ന ബാധിത ഭാഗങ്ങളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ആയവ പരിഹരിക്കാറുണ്ട്. പുതിയ റീസർഫസിംഗ് പ്രവൃത്തികൾ നടത്തുന്ന കൂട്ടത്തിൽ ആവശ്യമായ സൈൻ |

ബോർഡുകൾ, റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, സ്റ്റഡുകൾ, മാർക്കിംഗുകൾ എന്നിവ സ്ഥാപിച്ച് അപകട സാധ്യത കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. റോഡ് സേഫ്റ്റിയ്ക്കും, ഗവേഷണത്തിനും, ഡിസൈനിങ്ങിനുമായി നാറ്റ്പാക്ക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനങ്ങൾ നടത്തുന്നുണ്ട്.

(സി) ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന്റെയും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കുമോ?

(സി) ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന്റെയും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) കൊട്ടാരക്കര ജംഗ്ഷൻ നവീകരണം
2) ഉമ്പോളി ജംഗ്ഷൻ നവീകരണം
3) പെരുമ്പ ജംഗ്ഷൻ നവീകരണം

സെക്ഷൻ ഓഫീസർ